

ഉല്പന്ന വിപണി
ഓപ്ഷൻസ്

ഒരു പ്രാഥമിക പഠനം

MCX
METAL & ENERGY
Trade with Trust

MCX INVESTOR (CLIENT) PROTECTION FUND

നിങ്ങൾക്കറിയാമോ?

ഓപ്ഷൻസ്.....

- വില സുരക്ഷിതത്വം ഉറപ്പാക്കി നഷ്ടസാധ്യത ലഘൂകരിക്കാൻ (hedge) ശ്രമിക്കുന്നവർക്ക് അനുയോജ്യം.
- ഒറ്റ തവണ മുൻകൂർ നൽകുന്ന തുകയ്ക്ക് (fee/premium) വാങ്ങാവുന്നതാണ്.
- വാങ്ങുന്ന വ്യക്തി പ്രതിദിനം നഷ്ട തുക (Margin Calls) അടയ്ക്കേണ്ടതില്ല.
- വാങ്ങുന്നവർക്ക് പരമാവധി നഷ്ടം മുൻകൂർ അടച്ച തുക മാത്രമാണ്.
- വാങ്ങുന്നവർക്ക് എപ്പോൾ വേണമെങ്കിലും അടിസ്ഥാന വസ്തുവിന്റെ വിലമേന്മ പ്രയോജനപ്പെടുത്താം.

This booklet is not intended as professional counsel or investment advice, and is not to be used as such. While the exchange has made every effort to assure the accuracy, correctness and reliability of the information contained herein, any affirmation of fact in the booklet shall not create an express or implied warranty that it is correct. This booklet is made available on the condition that errors or omissions shall not be made the basis for any claims, demands or cause of action. MCX shall also not be liable for any damage or loss of any kind, howsoever caused as a result (direct or indirect) of the use of the information or data in this booklet .
Read the Risk Disclosure Document (RDD) carefully before transacting in commodity futures and options.

ഓപ്ഷൻസ് ഒരു പഠനം

എന്താണ് ഓപ്ഷൻ ഉടമ്പടികൾ?

യാതൊരു കടപ്പാടുമില്ലാതെ വാങ്ങുന്ന ആൾക്ക് അടിസ്ഥാന ഉൽപന്നം ഒരു നിശ്ചിത സമയത്തിന് മുൻപോ പിൻപോ വാങ്ങുവാനോ വിൽക്കുവാനോ അവകാശം നൽകുന്ന ഡെറിവേറ്റീവ് (derivative instrument) ഉപകരണമാണ് ഓപ്ഷൻ.

ഓപ്ഷന് ആസ്പദമായ വസ്തുക്കൾ എന്തെല്ലാം?

ഓപ്ഷൻ ഉടമ്പടിക്ക് ആധാരമായി ഓഹരികൾ, ഉൽപ്പന്നം, വിദേശനാണ്യം, ഫ്യൂച്ചർ ഉടമ്പടി, പലിശനിരക്ക്, സ്ഥാവര വസ്തു, മറ്റ് സ്വത്തുക്കളും (assets) ആകാം.

ഉദാഹരണത്തിന്: വസ്തുക്കൾ, സ്വർണ്ണ (gold) ഓപ്ഷൻ ഉടമ്പടിക്ക് ആസ്പദമായി സ്വർണ്ണ ഫ്യൂച്ചർ (gold future) ഉടമ്പടി ആകാം.

ഓപ്ഷന്റെ പ്രത്യേകതകൾ ഏതെല്ലാം?

- വാങ്ങുന്നവർക്ക് അടിസ്ഥാന വസ്തു (underlying) യാതൊരു നിബന്ധനകളുമില്ലാതെ വാങ്ങാനോ, വിൽക്കാനോ ഉള്ള അവകാശം ഓപ്ഷൻ നൽകുന്നു.
- ഒരു വ്യക്തിക്ക് ഭാവിയിൽ വിൽക്കുവാനോ, വാങ്ങുവാനോ ഉദ്ദേശിക്കുന്ന അടിസ്ഥാന വസ്തുവിന് ഇപ്പോളെ വില ഉറപ്പിച്ച് (lock-in) കരാറിൽ ഏർപ്പെടാം.
- ഓപ്ഷൻ, എക്സ്ചേഞ്ച് മുഖേനയും, ബാഹ്യമായും (OTC) വ്യാപാരം ചെയ്യാം.



ഓപ്ഷൻസ് ഒരു പഠനം

മാത്യു അബ്ദുളിന്റെ പക്കൽ നിന്നും ഒരു ഉൽപ്പന്നം ഒരു മാസത്തിനുശേഷം വാങ്ങാൻ ആഗ്രഹിക്കുന്നു എന്നിരിക്കട്ടെ. എന്നാൽ വില ഇന്നുതന്നെ ഉറപ്പിക്കാൻ ആഗ്രഹിക്കുന്നു. വില പേശലിനുശേഷം മാത്യു മാസാവസാനം 10 ലക്ഷം രൂപയ്ക്ക് ഉൽപന്നം വാങ്ങാൻ അബ്ദുളുമായി ഓപ്ഷൻ കരാറിൽ ഏർപ്പെടുന്നു. മാത്യു നിസ്സാരമായ ₹ 10,000/– അബ്ദുളിന് നൽകുന്നു. ഒരു മാസത്തിനുശേഷം ഇവയിലേതെങ്കിലും ഒരു സ്ഥിതിവിശേഷം ഉണ്ടായേക്കാം.

1. ഉൽപന്നത്തിന്റെ വില വർദ്ധിക്കാം.

ഇപ്പോഴത്തെ വില കൂടുതലാണെങ്കിൽ മാത്യു 10000 രൂപയ്ക്ക് അബ്ദുളിൽ നിന്നും ഉൽപന്നം വാങ്ങാൻ തൽപരനാകുന്നു.

2. ഉൽപന്നവില താഴേക്കു പോകുന്നു.

വില താഴേക്കു പോയതിനാൽ, ഉൽപന്നം ഉടമ്പടിക്ക് വെളിയിൽ നിന്നും വാങ്ങുന്നതാണ് ലാഭകരം. അതുകൊണ്ട് മാത്യു ഓപ്ഷൻ ഉടമ്പടി തിരസ്ക്കരിച്ച് ഉൽപന്നം പുറത്തുനിന്നും വാങ്ങുന്നു. ഈ ഉടമ്പടിയിൽ മാത്യുവിന് നഷ്ടം ₹ 10,000/– മാത്രമാണ്.

കുറിപ്പ്: മാത്യുവിന് അബുദുളിൽ നിന്നും ഉൽപന്നം വാങ്ങാനുള്ള അവകാശം ഉണ്ട്. കടപ്പാടില്ല. എന്നാൽ മാത്യു വാങ്ങാൻ ആഗ്രഹിച്ചാൽ അബ്ദുൾ കരാർ പാലിക്കാൻ നിർബന്ധിതനാകും.


ഞാൻ ₹ 10 ലക്ഷം വില വരുന്ന (strike price) ഒരു കോൾ ഓപ്ഷൻ (call option) ഒരു നിശ്ചിത തുകയ്ക്ക് (Option premium) ഒരു മാസത്തേയ്ക്ക് (expiration date) തരാം.
അബ്ദുൾ
മാത്യു
നിങ്ങൾ അനുവദിക്കുമെങ്കിൽ ഈ ഓപ്ഷൻ ₹ 10,000 തന്ന് ഞാൻ വാങ്ങിക്കൊള്ളാം.

കരാർ നിബന്ധനകൾ

വിൽക്കാനുള്ള നിർദ്ദേശം

BUY	Inst. Name	Order Type	Symbol	Series	Expiry date	Strike Price	Opt. Type	Qty	Price (10 GRMS)	D.(Qty)
	OUTPUT	Regular Lot	GOLD		27July2017	28400.00	PE	0	50.00	

Acc. Type	Client Name	Client	Part. Id/Omni Id	Trig. Price	Validity	M Prot(%)	User Remarks		
OWN					EOS			Submit	Clear



ഉൽപ്പന്നം വാങ്ങുവാനുള്ള (Long) നിർദ്ദേശം. വാങ്ങുന്ന ആൾ ഓപ്ഷൻ ബയർ/ ഹോൾഡർ.

ഓപ്ഷൻ കാലാവധി അവസാനിക്കുന്ന ദിവസം.

സ്ട്രൈക്ക് പ്രൈസ്: വാങ്ങുന്നതിനോ വിൽക്കുന്നതിനോ ഉദ്ദേശിക്കുന്ന വില.

ഓപ്ഷൻ ഉടമ്പടി ലഭിക്കുവാൻ വാങ്ങുന്നയാൾ വിൽക്കുന്നയാൾക്ക് കൊടുക്കുന്ന മുൻകൂർ തുക (Premium).

കരാർ നിബന്ധനകൾ

വിൽക്കാനുള്ള നിർദ്ദേശം

SELL	Inst. Name	Order Type	Symbol	Series	Expiry date	Strike Price	Opt. Type	Qty	Price (10 GRMS)	D.(Qty)
	OUTPUT	Regular Lot	GOLD		27July2017	28400.00	PE	4	50	

Acc. Type	Client Name	Client	Part. Id/Omni Id	Trig. Price	Validity	M Prot(%)	User Remarks		
OWN					EOS			Submit	Clear



ഉൽപ്പന്ന ഓപ്ഷൻ ഉടമ്പടി വിൽക്കാനുള്ള (Short) നിർദ്ദേശം. വിൽപനക്കാരനെ ഓപ്ഷൻ റൈട്ടർ എന്നും വിളിക്കും

ഓപ്പൺ ഇന്ററസ്റ്റ് (Open Interest) ഒരു നിശ്ചിത സമയത്ത് കൈമാറ്റം പൂർത്തിയാക്കാത്ത / അവശേഷിക്കുന്ന ഉടമ്പടികൾ

പൂർത്തിയാക്കുക (Excercise) ഉൽപ്പന്നം വാങ്ങുവാനോ കൊടുക്കുവാനോ ഓപ്ഷൻ ഹോൾഡറുടെ തീരുമാനം നടപ്പിലാക്കുക.

അസൈൻമെന്റ് (Assignment) ഓപ്ഷൻ കൈവശമുള്ള (holder) വ്യക്തിയുടെ വാങ്ങുവാനോ വിൽക്കുവാനോ ഉള്ള തീരുമാനം (exercise), അതേ വിലയിൽ (strike price) ലഭ്യമായ വിൽപ്പനക്കാരന് നിർബന്ധമായി നിക്ഷിപ്തമാക്കുന്ന രീതി.

ഓപ്ഷനുകളെ എങ്ങനെ തരം തിരിക്കാം.

എ) വാങ്ങുന്ന വ്യക്തിയുടെ അവകാശത്തെ അടിസ്ഥാനമാക്കി.

കോൾ ഓപ്ഷൻ:



ഉടമ്പടി കാലാവധി തീരുമ്പോഴോ, അതിനു മുമ്പോ, ഒരു ക്ലിപ്ത വിലയ്ക്ക് അടിസ്ഥാന വസ്തു, (ഉദാഹരണത്തിന് ഒരു ഉൽപന്ന ഫ്യൂച്ചേഴ്സ് ഉടമ്പടി) ഓപ്ഷൻ ഹോൾഡറിന് (holder) വാങ്ങാനുള്ള അവകാശം നൽകുന്നു.

ഉദാഹരണം: കോൾ ഓപ്ഷൻ വാങ്ങൽ – വില വർദ്ധന ഭീഷണിയെ ചെറുക്കുക. (hedge)

- ഒക്ടോബർ 25 ന് ഒരു സ്വർണ്ണ വ്യാപാരി എം.സി എക്സ് (MCX) ൽ നിന്നും ഒരു ഗോൾഡ് ഫ്യൂച്ചർ കോൾ ഓപ്ഷൻ വാങ്ങുന്നു.
- അടിസ്ഥാന ഉൽപന്നം: എം.സി.എക്സ് ഗോൾഡ് ഡിസംബർ ഫ്യൂച്ചേഴ്സ് ഉടമ്പടി
- ഓപ്ഷൻ കാലാവധി തീരുന്ന തീയതി: നവമ്പർ 28
- സ്ട്രൈക് പ്രൈസ്: ₹ 30,000/–
- ഓപ്ഷൻ കരാർ : ഓപ്ഷൻ കാലാവധിയുടെ അവസാനത്തിൽ ₹ 30,000/– നിരക്കിൽ എം.സി. എക്സ് ഗോൾഡ് ഫ്യൂച്ചേഴ്സ് വാങ്ങാനുള്ള അവകാശം ലഭിക്കുന്നു.

ഈ അവകാശം എപ്പോൾ ലാഭകരമായി ഉപയോഗപ്പെടുത്താം.?

- ഓപ്ഷൻ കാലാവധി തീരുമ്പോൾ ഗോൾഡ് ഫ്യൂച്ചർ വില ₹ 30,000 ൽ കൂടുമ്പോൾ
- കാലാവധി തീരുമ്പോൾ ഗോൾഡ് ഫ്യൂച്ചർ വില ₹ 30,000 ൽ താഴെയാണെങ്കിൽ, വാങ്ങുന്നയാൾ മൂല്യം ഇല്ലാത്തതിനാൽ ഉപേക്ഷിക്കുന്നു. വാങ്ങണമെന്ന് നിർബന്ധമില്ല.

ഓപ്ഷനുകളെ എങ്ങനെ തരം തിരിക്കാം?

എ. വാങ്ങുന്ന വ്യക്തിയുടെ അവകാശത്തെ അടി - സ്ഥാനമാക്കി.

പുട് ഓപ്ഷൻസ്.:

ഉടമ്പടി കാലാവധി തീരുമ്പോഴോ, അതിനു മുൻപോ ഒരു ക്ലിപ്ത വിലയ്ക്ക് അടിസ്ഥാന വസ്തു, (ഉദാഹരണത്തിന് ഉൽപന്ന ഫ്യൂച്ചേഴ്സ് ഉടമ്പടി) ഓപ്ഷൻ ഹോൾഡറിന് വിൽക്കാനുള്ള അവകാശം നൽകുന്നു.

ഉദാഹരണം: പൂട് ഓപ്ഷൻ വാങ്ങൽ: വിലശോഷണത്തെ ചെറുക്കൽ (hedge)

- ഒക്ടോബർ 25ന് ഒരു പരുത്തി കർഷകൻ ഒരു കോട്ടൺ ഫ്യൂച്ചേഴ്സിന്റെ പുട് ഓപ്ഷൻ എം.സി. എക്സിൽ നിന്നും വാങ്ങുന്നു.
- അടിസ്ഥാന ഉൽപന്നം: എം.സി.എക്സ് കോട്ടൺ നവംബർ ഫ്യൂച്ചേഴ്സ് കോൺട്രാക്ട്.
- ഓപ്ഷൻ കാലാവധി തീരുന്ന തീയതി: നവംബർ 21
- സ്ട്രൈക് പ്രൈസ്: ₹ 20,000
- ഓപ്ഷൻ കരാർ: ഓപ്ഷൻ കാലാവധിയുടെ അവസാനത്തിൽ ₹ 20,000 നിരക്കിൽ എം.സി.എക്സ് കോട്ടൺ ഫ്യൂച്ചർ വിൽക്കാനുള്ള അവകാശം ലഭിക്കുന്നു.



ഈ ഓപ്ഷൻ എപ്പോൾ ലാഭകരമായി ഉപയോഗപ്പെടുത്താം?

- ഓപ്ഷൻ കാലാവധി തീരുമ്പോൾ കോട്ടൺ ഫ്യൂച്ചറിന്റെ വില ₹ 20,000 താഴെ ആണെങ്കിൽ മാത്രം.
- കോട്ടൺ ഫ്യൂച്ചറിന്റെ വില ₹ 20,000 ൽ കൂടിയാൽ, ഓപ്ഷൻ വാങ്ങുന്ന വ്യക്തിക്ക് വിൽക്കണമെന്നില്ല. കാരണം പുട് ഓപ്ഷൻ മൂല്യം ഇല്ലാത്തതിനാൽ ഉപേക്ഷിക്കുന്നു.

ബി. നിർവ്വഹണം (excercise) അടിസ്ഥാനമാക്കി

- അമേരിക്കൻ: അമേരിക്കൻ ഓപ്ഷൻ വാങ്ങുന്ന വ്യക്തിക്ക്, വാങ്ങുന്ന തീയതി മുതൽ അവസാന തീയതി വരെ എപ്പോൾ വേണമെങ്കിലും അവകാശം നിർവ്വഹിക്കാം (excercise). നിക്ഷേപകന് നിർവ്വഹണ അവസര ങ്ങൾ കൂടുതലായതിനാൽ യൂറോപ്യൻ ഓപ്ഷനെക്കാൾ ചിലപ്പോൾ കൂടുതൽ പ്രീമിയം നൽകേണ്ടിവരും.

- യൂറോപ്യൻ: യൂറോപ്യൻ ഓപ്ഷൻ വാങ്ങുന്ന വ്യക്തിക്ക് കരാർ തീയതി തീരുമ്പോൾ മാത്രമേ അവകാശ നിർവ്വഹണ സ്വാതന്ത്ര്യമുള്ളു.

  അമേരിക്കൻ ഓപ്ഷനു ലഭിക്കുന്ന അവകാശ നിർവ്വഹണ അവസരങ്ങൾ യൂറോപ്യൻ നിക്ഷേ പകർക്ക് ലഭിക്കയില്ല

ജൂൺ 13, 2017 ലെ സെബിയുടെ (SEBI) ഉത്തരവനു സരിച്ച് (Options on Commodity Futures-Product Design and Risk Management Framework), തുടക്കത്തിൽ കമോഡിറ്റി ഓപ്ഷനുകൾ യൂറോപ്യൻ രീതിയിൽ മാത്രമായി രിക്കും

ഓപ്ഷൻ വിപണിയിലെ പങ്കാളികൾ... പണലഭ്യതയും.

പങ്കാളികൾ	ലാഭം (കയറ്റ സാദ്ധ്യത)	നഷ്ടം (ഇറക്ക സാദ്ധ്യത)
കോൾ ഹോൾഡർ/ ബയർ	അതിരുകവിഞ്ഞ (സ്ട്രൈക്പ്രൈസിൽ നിന്നും ഉണ്ടാകാവുന്ന വിലക്കയറ്റം)	നിയന്ത്രിതം. (പ്രീമിയം നൽകിയ തുക മാത്രം)
പുട്ട് ഹോൾഡർ/ ബയർ	അതിരുകവിഞ്ഞ. (അടിസ്ഥാന ഉൽപ്പന്നത്തിന്റെ വില പൂജ്യമാകുന്നതുവരെ)	നിയന്ത്രിതം (പ്രീമിയം നൽകിയ തുക മാത്രം)
കോൾ റൈറ്റർ/ സെല്ലർ	നിയന്ത്രിതം (പ്രീമിയം ലഭിച്ച തുക മാത്രം)	അതിരുകവിഞ്ഞ (അടിസ്ഥാന ഉൽപ്പന്നത്തിന്റെ വില പൂജ്യമാകുന്നതുവരെ)
പുട്ട് റൈറ്റർ/ സെല്ലർ	നിയന്ത്രിതം (പ്രീമിയം ലഭിച്ച തുക മാത്രം)	അതിരുകവിഞ്ഞ (അടിസ്ഥാന ഉൽപ്പന്നത്തിന്റെ വില പൂജ്യമാകുന്നതുവരെ)

ഓപ്ഷൻ ബയറിന്റെയും, ഓപ്ഷൻ സെല്ലറിന്റെയും ലാഭ നഷ്ട സാദ്ധ്യതകൾ തികച്ചും വ്യത്യസ്ഥമാണ്. ബയർക്ക് അതിരുകവിഞ്ഞ ലാഭ സാദ്ധ്യതയും നിയന്ത്രിതമായ നഷ്ടവും; സെല്ലർക്ക് അതിരുകവിഞ്ഞ നഷ്ട സാദ്ധ്യതയും നിയന്ത്രിത ലാഭ സാദ്ധ്യതയുമാണ്.

ഓപ്ഷൻ എന്തുകൊണ്ട് ഉപയോഗിക്കുന്നു?

ഹെഡ്ജിങ്ങ് (hedging) ഓപ്ഷൻ വാങ്ങുന്ന ആൾ അടിസ്ഥാന ഉല്പന്നത്തിന്, തന്റെ നഷ്ട സാധ്യതകളെ പ്രതിരോധിച്ച് (hedging), ഒരു തൃപ്തികരമായ വില ഉറപ്പാക്കുന്ന സംവിധാനമാണിത്.

ഇത് ഒരു ഇൻഷ്വറൻസ് പോളിസിക്ക് സമാനമാണ്. ഒരു നിശ്ചിത പ്രീമിയം നൽകി വില വ്യതിയാനങ്ങളിൽ നിന്നും ഉണ്ടാകാവുന്ന പ്രതികൂല സഹചര്യങ്ങളെ പ്രതിരോധിക്കുന്നു.

ഒരു പുട് ഓപ്ഷൻ കരാർ വാങ്ങി, ഒരു കർഷകന് വില തകർച്ചയെ പ്രതിരോധിക്കാം. നേരത്തെ നിശ്ചയിച്ച വിലയ്ക്ക് തന്റെ ഉല്പന്നം വിൽക്കാൻ കർഷകന് അവകാശം ലഭിക്കുന്നു. നിശ്ചയിച്ച വിലയ്ക്ക് വിൽക്കാമെന്നുള്ളത് അവകാശമാണ് (right), കടമയല്ല (Obligation).



ഓപ്ഷൻ എന്തുകൊണ്ട് ഉപയോഗിക്കുന്നു?

നിക്ഷേപം (Investment) ഉല്പന്നത്തിന്റെ മുഴുവൻ മൂല്യവും മുടക്കാതെ തുഛമായ മുതൽ മുടക്കി ലാഭ സാധ്യതകൾ പൂർണമായി ചൂഷണം (leverage) ചെയ്യാൻ സാധിക്കുന്നു.

ഒറ്റ തവണ പണം മുടക്കി ഓപ്ഷൻ വാങ്ങുമ്പോൾ, വില താഴേക്കു പോകാനുള്ള സാധ്യതകൾ വങ്ങുന്ന ആൾക്ക് മുൻകൂർ തിട്ടപെടുത്താൻ സാധിക്കുന്നു.



ഓപ്ഷൻസും ഫ്യൂച്ചേഴ്സും തമ്മിലുള്ള അന്തരം.



ഓപ്ഷൻ വ്യപാരത്തിൽ മണിനെസ്സ് (moneyness) എന്നാൽ എന്ത്?

ഓപ്ഷൻ വങ്ങുന്നവർക്ക് ലാഭ നഷ്ടങ്ങൾ വിശദമാക്കുന്ന വാക്യങ്ങൾ.

ഇൻ ദ് മണി (In the Money-ITM): ലാഭം

കോൾ ഒപ്ഷൻ: അടിസ്ഥാന ഉല്പന്നത്തിന്റെ വില കരാർ വിലയിലും കൂടുതൽ

പുട് ഓപ ്ഷൻ: അടിസ്ഥാന ഉല്പന്നത്തിന്റെ വില കരാർ വിലയിലും കുറവ്.

അവ്ട്ട് ഓഫ് ദ് മണി (Out of the Money-OTM):നഷ്ട്ടം

കോൾ ഒപ്ഷൻ: അടിസ്ഥാന ഉല്പന്നത്തിന്റെ വില കരാർ വിലയിലും കുറവ്.

പുട് ഓപ്ഷൻ: അടിസ്ഥാന ഉല്പന്നത്തിന്റെ വില കരാർ വിലയിലും കൂടുതൽ

അറ്റ് ദ് മണി (At the Money-ATM) ലാഭ നഷ്ടം ഇല്ല

അടിസ്ഥാന ഉല്പന്ന വിലയും കരാർ വിലയും തുല്യം.

സെബി (SEBI) യുടെ മാർഗ നിർദ്ദേശപ്രകാരം, അടിസ്ഥാന ഉല്പന്ന ഫ്യൂച്ചേഴ്സ് കരാറിന്റെ ദൈനംദിന തീർപ്പു വിലയോട് (Daily Settlement Price-DSP) ഏറ്റവും അടുത്ത കരാർ വിലകൾ ഈ ഗണത്തിൽ കണക്കാക്കം.

ക്ലോസ് റ്റു ദ് മണി (Close to the Money-CTM)

അറ്റ് ദ മണി ഗണത്തോടൊപ്പം അതിനു തൊട്ടു മുൻപും പിൻപുമുള്ള അണികളേയും സി റ്റി എം (CTM) ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഡി എസ് പി (DSP), കരാർ വിലകളുടെയും മധ്യത്തിൽ ആണെങ്കിൽ, തൊട്ടു മുന്നിലുള്ള കരാർ ഗണങ്ങളും, തൊട്ടു താഴെയുള്ള കരാർ ഗണങ്ങളും സി റ്റി എം ആയി കണക്കാക്കാം.

ഓപ്ഷൻ മൂല്യം (Option Premium) നിശ്ചയിക്കുന്നത് എങ്ങിനെ?

ഫ്യൂച്ചേഴ്സിൻ മേലുള്ള ഓപ്ഷൻസിന്റെ വില (Option Premium) കണക്കാക്കുന്നത് എങ്ങിനെ?

ഓപ്ഷൻസിന്റെ വില നിശ്ചയിക്കുന്നതിനു പല മാതൃകകളും ഉണ്ട്. ഫ്യൂച്ചേഴ്സിന്റെ അടിസ്ഥാന ഉല്പന്നത്തിൻമേലുള്ള ഓപ്ഷൻസിന്റെ വില കണക്കാക്കാൻ ജനസമ്മതി ഉള്ള മാതൃകയായി ബ്ലാക്ക് 76 മാതൃക അംഗീകരിക്കപ്പെടുന്നു.

ബ്ലാക്ക് 76 മാതൃക

$$Call = e^{-rt}\,[F*N(d1) - K*N(d2)]$$
$$Put = e^{-rt}\,[K*N(-d2) - F*N(-d1)]$$
$$d1 = \frac{\ln\left(\frac{F}{K}\right) + \left(\frac{\sigma^2}{2}\right)t}{\sigma\sqrt{t}} \qquad d2 = d1 - \sigma\sqrt{t}$$

Where,

ഏഫ് (F) – അടിസ്ഥാന ഉല്പന്നത്തിന്റെ ഇന്നത്തെ വില.

കെ (K) – ഉടമ്പടി വില

റ്റി (t) – ഓപ്ഷൻ അവസാനിക്കും വരെയുള്ള സമയ ദൈർഘ്യം വർഷത്തിൽ.

ആർ (r) – റിസ്ക് ഫ്രീ പലിശ നിരക്ക്.

സിഗ്മ (ϭ) – അടിസ്ഥാന ഫ്യൂച്ചേഴ്സിന്റെ വിലയിലെ ചാഞ്ചാട്ടത്തിന്റെ (volatility) അളവ്.

എൻ (.) – സ്റ്റാൻഡേർഡ് നോർമൽ ഡിസ്ട്രിബ്യൂഷ്യൻ ഫങ്ങ്ഷ്ൺ (Standard Normal Distribution Function)

ഓപ്ഷൻ മൂല്യത്തിനു (Option Value) രണ്ട് ഘടകങ്ങൾ ഉണ്ട്.

നൈസർഗിക മൂല്യം (Intrinsic value)

ഓപ്ഷൻ മൂല്യത്തിന്റെ ലാഭ ഭാഗം (In the Money). കോൾ ഓപഷനിൽ അടിസ്ഥാന ഉല്പന്നത്തിന്റെ വിലയും ഉടമ്പടി വിലയും തമ്മിലുള്ള വ്യത്യാസം. പുട് ഓപ്ഷനിൽ ഉടമ്പടി വിലയും ഉല്പന്നത്തിന്റെ വിലയും തമ്മിലുള്ള വ്യത്യാസം.

സമയ മൂല്യം (Time value)

ഓപ്ഷൻ പ്രീമിയവും നൈസർഗിക മൂല്യവും തമ്മിലുള്ള വ്യത്യാസം.

ഓപ്ഷൻ പ്രീമിയത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ. ബ്ലാക്ക്–76 മാതൃക.

ഘടകങ്ങൾ.	വില വർധന		വില ഇടിവ്	
	കോൾ വില	പുട് വില	കോൾ വില	പുട് വില
അടിസ്ഥാന ഉല്പന്നത്തിന്റെ വില	↑	↓	↓	↑
സമയ ദൈർഘ്യം	↑	↑	↓	↓
വിലയിലെ ചാഞ്ചാട്ടം	↑	↑	↓	↓
പലിശ നിരക്ക്.	↓	↓	↑	↑
കരാർ വില	↓	↑	↑	↓



അടിസ്ഥാന ഉല്പന്ന ഫ്യൂച്ചേഴ്സിന്റെ വിലയെ സ്വാധീനിക്കുന്ന ഘടകങ്ങൾ.

പല ഘടകങ്ങൾ അടിസ്ഥാന ഉല്പന്ന ഫ്യൂച്ചേഴ്സ് ഉടമ്പടി വിലയെ സ്വാധീനിക്കുന്നു.

- ഉല്പന്നത്തിന്റെ ലഭ്യതാകാലം/സമയം.
- ലഭ്യതയും ആവശ്യകതയും തമ്മിലുള്ള തുലനം
- ആഗോള ഘടകങ്ങൾ
- സർക്കാരുകളുടെ നയപരമായ ഇടപെടലുകൾ
- ആഗോള സൂചികകൾ
  - > യൂ എസ്സ് പലിശ നിരക്കുകൾ
  - > യൂ എസ്സ് തൊഴിൽ നിരക്കുകൾ
  - > ചൈനയുടേ ആഭ്യന്തര വളർച്ചാ നിരക്കുകൾ. (GDP)
  - > ഓയിൽ, ഗ്യാസ് ഇവയുടേ സംഭരണ വിതരണ തോതുകൾ

ഓപ്ഷൻ ഗ്രീക്സ് (Option Greeks)?

ഗ്രീക്സ്: ഓപ്ഷൻ കരാറിൽ, ഓപ്ഷൻ പ്രീമിയത്തിന്റെ ചലനാൽമകത നാല് (4) ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഘടകങ്ങളെ ഗ്രീക് അക്ഷരങ്ങൾ പ്രതിനിധീകരിക്കുന്നു.

1. ഡെൽറ്റ (δ): അടിസ്ഥാന ഉല്പന്നത്തിന്റെ വില വ്യത്യാസം.
2. തീറ്റ (θ): സമയ ദൈർഘ്യ വ്യത്യാസം.
3. വേഗ (v): വിലയുടെ ഏറ്റകുറച്ചിലിന്റെ തോത് (volatility).
4. റോ: (ρ): പലിശ നിരക്കിലെ വ്യത്യാസം.

ഡെൽറ്റയുടെ പ്രതികരണം അടിസ്ഥാന ഉല്പന്നത്തിന്റെ വിലയിൽ വ്യത്യാസം ഗാമ (γ) പ്രതിഫലിപ്പിക്കുന്നു.



ഉല്പന്ന ഓപ്ഷൻ: ലാഭ നഷ്ട ദിശകൾ (Pay-Off).

കോൾ ഓപ്ഷനുകൾ

അടുത്ത രണ്ടു മാസങ്ങൾക്കുള്ളിൽ സ്വർണ്ണവില കുതിപ്പുകുമെന്ന് സോണൽ പ്രതീക്ഷിക്കുന്നു. ഈ വില കുതിപ്പിനെ പ്രധിരോധിക്കാൻ അവൾ മൂന്നു മാസ കാലാവധിക്ക് 10 ഗ്രാമിന് ₹ 30,000 കരാർ വിലയിൽ 10 ഗ്രാമിന് ₹ 150 മുൻകൂർ നൽകി മാലതിയിൽ നിന്നും, ഫ്യൂച്ചെഴ്സിൻ മേലുള്ള ഓപ്ഷൻ വാങ്ങുന്നു.

സാഹചര്യങ്ങൾക്ക് സാധ്യതയുണ്ട്

1 സ്വർണ വില ₹ 30,000 ൽ താഴേക്ക്:

സോണൽ ഓപ്ഷൻ പരിത്യജിക്കുന്നു. അതുമൂലം, നഷ്ടം മുൻകൂർ നൽകിയ ₹ 150 ആയി ചുരുക്കുന്നു. (ഗ്രാഫിൽ ചുവന്ന മേഘല) ഇത്രയുമാണ് മാലതിയുടെ ലാഭവും.

2 സ്വർണ വില ₹ 30,000 ന് മുകളിൽ.

സ്വർണ വില ₹ 30,000 ന് മുകളിൽ എത്തുമ്പോൾ സോണൽ ലാഭമേഖലയിൽ പ്രവേശിക്കുന്നു. ₹ 30,150 ന് (കരാർ വില + മുൻകൂർ തുക) മുകളിലുള്ള ലാഭം അറ്റാദായം.

ഒരു ഓപ്ഷൻ വാങ്ങുന്ന വ്യക്തിയുടെ ലാഭ സാധ്യത അളവറ്റതാണ് (ഗ്രാഫിലെ പച്ച മേഘല).

എന്നാൽ, മാലതി ക്രമേണ നഷ്ടത്തിലേക്ക് നീങ്ങുന്നു. വില ₹ 30,000 ൽ നിന്നും എത്രത്തോളം മുകളിലേക്ക് ഉയരുന്നുവോ, അത്രത്തോളം നഷ്ടവും വർധിക്കുന്നു.

ഉല്പന്ന ഓപ്ഷൻ: ലാഭ നഷ്ട ദിശകൾ (Pay-Off).

കോൾ വാങ്ങുന്ന വ്യക്തി: നഷ്ട ദിശകൾ (PAY OFF).



പുട് ഓപ്ഷൻ

സൻജയക്ക് കുറെ സ്വർണ്ണാഭരണ ശേഖരം ഉണ്ട്. അടുത്ത രണ്ടു മാസത്തിൽ വില ഇടിവ് പ്രതീക്ഷിക്കുന്നു. ഈ പ്രതികൂലതയെ പ്രതിരോധിക്കാൻ, 10 ഗ്രാമിന് ₹ 29,000 കരാർ വിലയ്ക്ക് ₹150 പ്രീമിയം നൽകി, മനോജിൽ നിന്നും സ്വർണ്ണ ഫ്യൂച്ചേഴ്സിന്റെ ഒരു പുട് ഓപ്ഷൻ വാങ്ങുന്നു.

രണ്ടു സാഹചര്യങ്ങൾക്ക് സാധ്യത ഉണ്ട്.

1. സ്വർണ്ണ വില ₹ 29,000 ൽ താഴേക്ക്. സ്വർണ്ണവില പൂജ്യം ആകും വരെ സൻജയൻ ലാഭ വർധനയിൽ ആഹ്ലാദിക്കാം. (ഗ്രാഫിൽ പച്ച മേഘല)

10 ഗ്രാമിന് പരമാവധി ലഭിക്കാവുന്ന ലാഭം ₹ 28850 (കരാർ വില – ഓപ്ഷൻ വില).

ഉല്പന്ന ഓപ്ഷൻ: ലാഭ നഷ്ട ദിശകൾ (Pay-Off).

പുട് വാങ്ങുന്ന വ്യക്തി: നഷ്ട ദിശകൾ (PAY OFF).



മനോജിന്റെ നഷ്ടം സ്വർണ്ണവിലപൂജ്യം ആകും വരെ തുടരും.

2. സ്വർണ്ണ വില ₹ 29,000 മുകളിലേക്ക്. സൻജയ് ഓപ്ഷൻ പരിത്യജിക്കുന്നു; പരമാവധി നഷ്ടം മുൻകൂർ നൽകിയ ഓപ്ഷൻ പ്രീമിയം ₹ 150 മാത്രം. അത്രയും മാത്രം ആയിരിക്കും മനോജിന്റെ ലാഭവും.

ഈ രണ്ടു ഉദാഹരണങ്ങളിലും ഓപ്ഷൻ വാങ്ങുന്ന വ്യക്തിക്ക് അനിയന്ത്രിത ലാഭ സാധ്യതയും നിയന്ത്രിത നഷ്ടവും വ്യക്തമാണ്. എന്നാൽ ഓപ്ഷൻ വിൽക്കുന്ന വ്യക്തിക്ക് നേരെ വിപരീത ഫലങ്ങളാണ്. പരിമിതമായ ലാഭവും, അടിസ്ഥാന ഉല്പന്നത്തിന്റെ വില താഴ്ച്ചയിൽ കഠിനമായ നഷ്ട സാധ്യതകളും.

(മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ ബ്രോക്കർ ചെലവുകൾ, നികുതികൾ എന്നിവ ഒഴിവാക്കിയിരിക്കുന്നു.)

പ്രധാനപ്പെട്ട ചില ആഗോള എക്സ്ചേഞ്ചുകൾ



ജനസമ്മിതിയുള്ള ചില ഓപ്ഷനുകൾ

സ്ട്രാഡിൽ: (Straddle)

- ഒരേ അടിസ്ഥാന വസ്തുവിന്റെ ഒരേ കരാർ വിലയിലും ഒരേ കാലയളവിലും ഉള്ള പുട് ഓപ്ഷനും, കോൾ ഓപ്ഷനും ഒന്നിച്ചു വാങ്ങുക.
- വില ഏതു ദിശയിലേക്ക് നീങ്ങും എന്ന അനശ്ചിതത്വം ഉള്ളപ്പോൾ അനുയോജ്യം.

സ്ട്രാൻഗിൾ: (Strangle)

- നഷ്ടമേഖലയിലുള്ള (Out of the Money) ഒരേ കരാർ വിലയിലും, കാലയളവിലും ഉള്ള, ഒരേ അടിസ്ഥാന വസ്തുവിന്റെ പുട് ഓപ്ഷനും, കോൾ ഓപ്ഷനും ഒന്നിച്ചു വാങ്ങുക.
- അടിസ്ഥാന വസ്തുവിന്റെ വില ഏതെങ്കിലും ദിശയിലേക്ക് തീവ്രമായി വ്യതിചലിക്കുമ്പോൾ അനുയോജ്യം.

പ്രധാനപ്പെട്ട ചില ആഗോള എകസ്ചേഞ്ചുകൾ



വ്യാപാര തന്ത്രങ്ങൾ

ബുൾ കോൾ സ്പ്രെഡ് (BULL CALL SPREAD)

- ഒരു പ്രത്യേക സ്ട്രൈക് പ്രൈസിലെ കോൾ ഓപ്ഷൻ വാങ്ങുകയും, ഒപ്പം ഉയർന്ന വിലയിലെ ഒരു കോൾ ഓപ്ഷൻ അതേ അടിസ്ഥാന വസ്തുവിലും അതേ കാല പരിധിയിലും വിൽക്കുകയും ചെയ്യുക.
- മിതമായ വിലക്കയറ്റംപ്രതീക്ഷിക്കുന്നവർക്ക് അനുയോജ്യം

ബെയർ പുട് സ്പ്രെഡ് (BEAR PUT SPREAD)

- ഒരേ ഉല്പന്നത്തിന്റെ ഒരേ കാലപരിധിയിലെ ഒരു പുട് ഓപ്ഷൻ വാങ്ങുകയും, താഴ്ന്ന വിലയിലുള്ള ഒരു പുട് ഓപ്ഷൻ വിൽക്കുകയും ചെയ്യുക.
- മിതമായ വിലതാഴ്ച്ച പ്രതീക്ഷിക്കുന്നവർക്ക് അനുയോജ്യം.

FLEXIBILITY JUST ENTERED THE MARKET



OPTIONS ARE HERE

MCX
METAL & ENERGY
Trade with Trust
MCX INVESTOR (CLIENT) PROTECTION FUND

പ്രകാശനം: ഗവേഷണ വിഭാഗം, എം സീ എക്സ്
രൂപകല്പന: ഗ്രാഫിക്സ് സംഘം, വാർത്താവിനിമയ വിഭാഗം, എം സീ എക്സ്.
കോർപ്പറേറ്റ് വിലാസം:
മൾട്ടി കമോഡിറ്റി എക്സ്ചേഞ്ച് ഓഫ് ഇൻഡ്യ ലിമിറ്റെഡ്
എക്സ്ചേഞ്ച് സ്കയർ, സുരെൻ റോഡ്, ചക്കാല, അന്ധേരി ഈസ്റ്റ്, മുംബൈ–400 093,
ഇൻഡ്യ. ടെലി.നം.91-22-67318888 സീ ഐ എൻ:L51909MH2002PLC135594
info@mcxindia.com, www.mcxindia.com

Issued in Public Interest by Multi Commodity Exchange Investor (Client) Protection Fund

©MCX 2018. All rights reserved. No part of this document may be reproduced, or transmitted in any form, or by any means - electronic, mechanical, photocopying, recording, scanning, or otherwise - without explicit prior permission of MCX.

Follow us @MCXIndialtd